# വചനവിചിന്തനം ആഗസ്റ്റ് 30 ഞായർ, 2009

## ന്യായാധിപനും വിധവയും

യേശുവിന്റെ രണ്ടാമത്തെ ആഗമനത്തിനു മുൻപ് വളരെ വലിയ സഹനങ്ങളുണ്ടാകും എന്ന് ലൂക്കാ 17:20-37 വചനങ്ങളിൽ ഈശോ ശിഷ്യരെ പഠിപ്പിക്കുന്നു. ഈ സഹനത്തിന്റെ നാളുകളിൽ, യേശുവിന്റെ വരവിനു വേണ്ടിയുള്ള കാത്തിരിപ്പിന്റെ ദിനങ്ങളിൽ തളരാതെ, തകരാതെ, വിശ്വാസം നഷ്ടപ്പെടുത്താതെ പിടിച്ചുനിൽക്കുവാൻ സഹായിക്കുന്നത് പ്രാർത്ഥനമാത്രം ആയിരിക്കുമെന്ന് ഈ ഉപമയിലൂടെ ഈശോ പഠിപ്പിക്കുന്നു. ദൈവത്തോട് വിശ്വസ്തതയോടുകൂടി, വിശ്വാസത്തോടുകൂടി മുട്ടിനിൽക്കുന്നവരെ അവിടുന്ന് ഒരിക്കലും ഉപേക്ഷിക്കുകയില്ല. 'തുടർച്ചയായി' എന്നതിനേക്കാൾ വിശ്വസ്തതയോടുകൂടി പ്രാർത്ഥിക്കുക എന്നതാണ് ഈ വചനഭാഗത്തിൽ വ്യക്തമാക്കപ്പെടുന്നത്. നിസ്സഹായതയുടെ പ്രതീകമാണ് ഈ വിധവ.

നിരാശകൂടാതെ, തുടർച്ചയായുള്ള പ്രാർത്ഥന അനീതി പ്രവർത്തിക്കുന്ന ന്യായാധിപന്റെ മനസ്സിന് മാറ്റം വരുത്തിയെങ്കിൽ നിസ്സഹായതകളിൽ നിരാശരാകാതെ തുടർച്ചയായി പ്രാർത്ഥിക്കുന്നവരോട് അനന്തദയാലുവായ ദൈവം എത്രമാത്രം കാരുണ്യം കാണിക്കും എന്നാണ് ഈശോ ചോദിക്കുന്നത്. ഏറ്റവും വലിയ നിസ്സഹായതകളിലും നാം വിശ്വസ്തരായിരിക്കുമോ, വിശ്വാസമുള്ളവരായിരിക്കുമോ എന്നതാണ് ഇവിടുത്തെ ചോദ്യം.

നമ്മൾ 'പാരസെറ്റാമോൾ' വാങ്ങി വീടുകളിൽ സൂക്ഷിക്കാറുണ്ട്. പെട്ടെന്ന് ഒരു തലവേദന, പനി, ജലദോഷം വന്നാൽ എടുത്ത് ഉപയോഗിക്കുവാൻ. അതുപോലെയാണ് പലപ്പോഴും നമുക്ക് ദൈവവും. ഒരു 'പാരസെറ്റാമോൾ ദൈവം' പെട്ടെന്ന് ഒരു ആവശ്യം വരുമ്പോൾ എടുത്തുപയോഗിക്കുവാൻ ദൈവത്തെ നമ്മൾ വീടിന്റെ ഭിത്തിയിൽ ആണി അടിച്ച് സൂക്ഷിച്ചിരിക്കുകയാണ്. ഈ ദൈവം എപ്പോഴും നമ്മുടെ കൂടെയുണ്ട് എന്ന ബോധം നമുക്ക് കുറഞ്ഞുപോകുന്നു.

കുറച്ചുനാളുകൾക്കുമുൻപ്, ഞാൻ സെമിനാരിയിൽ പഠിച്ചുകൊണ്ടിരുന്ന കാലത്ത് ഒരു ബന്ധുകുട്ടിയുടെ ആദ്യകുർബാനയിൽ പങ്കെടുക്കുകയായിരുന്നു. കൊച്ചിനെ വി. കുർബാന സ്വീകരിക്കുവാൻ ഒരുക്കണം എന്ന് ആന്റി എന്നോടു പറഞ്ഞതനുസരിച്ച് ഞാൻ അവളെ വിളിച്ച് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുവാൻതുടങ്ങി. കൂട്ടത്തിൽ ഞാൻ പറഞ്ഞു, വി. കുർബാന സ്വീകരിക്കുമ്പോൾ ഈശോ മോളുടെ ഹൃദയത്തിലേയ്ക്ക് ഇറങ്ങിവരും. ആ സമയം എന്തു പ്രാർത്ഥിച്ചാലും അതു നമുക്കു ലഭിക്കും. അതുകൊണ്ട്, മോൾ പ്രാർത്ഥിക്കണം; പ്രാർത്ഥനകളും പഠിപ്പിച്ചു. ഈശോയേ എനിക്കു പഠിക്കാൻ ബുദ്ധിതരണേ, നല്ല കുട്ടിയായി വളർത്തണേ.., പപ്പായ്ക്കും മമ്മിയ്ക്കും ആപത്തൊന്നും വരുത്തരുതേ... അവൾ എല്ലാം തലകുലുക്കി സമ്മതിച്ച് കളിക്കാനുള്ള തിരക്കിൽ ഓടിപ്പോയി. രണ്ടുമിനിട്ടു കഴിഞ്ഞ് എന്റെ അടുത്തു തിരികെവന്നു ചോദിച്ചു. ''ചേട്ടായീ, വി. കുർബാന സ്വീകരിക്കുമ്പോൾ ഈശോ സത്യമായും നമ്മുടെ ഉള്ളിലേയ്ക്കു വരില്ലേ..?'' ഞാൻ പറഞ്ഞു; ''വരും ; എന്താ സംശയം'' അവൾ ചോദിച്ചു; ''അപ്പോൾ പിന്നെ എന്തിനാ പ്രാർത്ഥിക്കുന്നത്... എന്റെ ഉള്ളിലെ ഈശോയ്ക്ക് എന്റെ എല്ലാക്കാര്യങ്ങളും അറിയാമായിരിക്കുമല്ലോ......? ''

ഇതൊരു തിരിച്ചറിവാണ്. ഞാൻ പാപാവസ്ഥയിൽ അല്ല എങ്കിൽ എന്റെ കൂടെ, എന്റെ ഉള്ളിൽ, എന്റെ ചുറ്റിലും ദൈവം ഉണ്ട് എന്ന തിരിച്ചറിവ്. ദൈവം അറിയാതെ എന്റെ ജീവിതത്തിൽ ഒന്നും സംഭവിക്കുകയില്ല എന്ന ബോധം. ദൈവം എന്നെ ഉള്ളം കയ്യിലെന്നതുപോലെ പരിപാലിക്കുന്നു എന്ന തിരിച്ചറിവ്. യഥാർത്ഥത്തിൽ ഇതാണ് പ്രാർത്ഥന. മറ്റൊരു വാക്കിൽ പറഞ്ഞാൽ ദൈവസാന്നിദ്ധ്യസ്മരണയാണ് ഏറ്റവും വലിയ പ്രാർത്ഥന.

നമ്മൾ പലപ്പോഴും നമ്മുടെ യാചനാപ്രാർത്ഥനകളിലൂടെ ദൈവത്തിന്റെ മനസ്സു മാറ്റുവാൻ ശ്രമിക്കുകയാണ്. പക്ഷേ യഥാർത്ഥത്തിൽ ദൈവത്തിന്റെ മനസ്സിനോട് എന്റെ മനസ്സിനെ അനുരൂപപ്പെടുത്തുവാനുള്ളതാണ് പ്രാർത്ഥന. ദൈവഹിതം എന്റെ ജീവിതത്തിൽ നിറവേറ്റുവാനുള്ള സന്നദ്ധത പ്രകടിപ്പിക്കലാണ് പ്രർത്ഥന. മറ്റൊരുവാക്കിൽ പറഞ്ഞാൽ നമ്മുടെ ഏറ്റവും വലിയ നിസ്സഹായാവസ്ഥയിൽ നിന്നുകൊണ്ടു പോലും ദൈവഹിതത്തിന് അനുകൂലമായി ആമ്മേൻ പറയുന്നതാണ് പ്രാർത്ഥന.

സ്നേഹമുള്ളവരേ, നമ്മുടെ നിസ്സഹായതകളിലും തകർച്ചകളിലും ദു:ഖങ്ങളിലും നിരാശരാകാതെ ദൈവം എപ്പോഴും നമ്മുടെ കൂടെയുണ്ട് എന്ന തിരിച്ചറിവോടുകൂടി ദൈവഹിതത്തിന് ആമ്മേൻ പറയുവാൻ നമുക്കു ശ്രമിക്കാം. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

**ഫാ. കുര്യൻ കുര്യാസ്**